ചെയ്യേണ്ടതും അങ്ങനെ പ്രൊമോട്ടു ചെയ്യപ്പെടുന്ന ഒഴിവിൽ മറ്റു ഗ്രൂപ്പുകളിൽ നിന്ന് അപേക്ഷകർ ഉള്ളപക്ഷം അവരിൽ സീനിയറായ ആളിന് സ്ഥലംമാറ്റം നൽകേണ്ടതും എന്നാൽ അതേ ഗ്രൂപ്പിൽതന്നെ സീനിയറായ ആൾ ആവശ്യപ്പെടുന്നപക്ഷം ഗ്രൂപ്പ് സീനിയോറിറ്റി അടിസ്ഥാനത്തിൽ ടിയാൾക്ക് സ്ഥലം മാറ്റം നൽകേണ്ടതാണെന്നും കൂടാതെ ഒരു ഗ്രൂപ്പിൽ ഉണ്ടാകുന്ന ഫുൾടൈം പെൻഷൻ ഒഴിവിൽ പാർട്ട്ടൈംകാരന് പ്രൊമോഷൻ നൽകുന്നതുമൂലമുണ്ടാകുന്ന പാർട്ട്ടൈം വേക്കൻസിയിൽ മറ്റേതെങ്കിലും ഗ്രൂപ്പിൽനിന്ന് അത് ലാവണത്തിൽ ജോലിനോക്കിവരുന്ന പാർട്ട്ടൈംകാരൻ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നപക്ഷം സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്ഥലംമാറ്റം നൽകേണ്ടതാണ്. അപ്രകാരം സ്ഥലംമാറിവരുന്നയാൾ എത്തിപ്പെടുന്ന ഗ്രൂപ്പിൽ ഏറ്റവും ജൂനിയർ ആയിരിക്കും.

(ഡി) പെരുവനം ക്ഷേത്രത്തിൽ പാത്രം തേയ്ക്കൽ, കൊട്ടാരം അടിച്ചുതളി മുതലായവ ചെയ്യുന്നത് പാർട്ട്ടൈം ജീവനക്കാരിയല്ല. മറിച്ച് കോൺട്രാക്ട് അടിസ്ഥാനത്തിലാണ് ചെയ്തുവരുന്നത്. ഉച്ചപൂജയുടെ പാത്രം തേപ്പ് ജോലിചെയ്യുന്ന ശ്രീമതി വത്സല കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ മാത്രമാണ് ജോലി ചെയ്തുവരുന്നത്. ടിയാളെ പാർട്ട്ടൈം ജീവനക്കാരിയായി അംഗീകരിച്ചിട്ടില്ല.

(ഇ) പാർട്ട്ടൈം ജീവനക്കാരിയായി ടിയാളെ നിയമിക്കാൻ നിലവിലുള്ള ചട്ടങ്ങളനുസരിച്ച് നിർവാഹമില്ല.

89 (377) ദേവസ്വം ഭരണസമിതി

<u>ശ്രീ. വി. ബാലറാം</u> :

<u>ഡോ. എം.എ. കുട്ടപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദൈവ വിശ്വാസികളല്ലാത്തവർക്ക് ദേവസ്വം ഭരണസമിതിയിൽ നാമനിർദ്ദേശം നടത്തുന്നതിനെ ചോദ്യം ചെയ്തുകൊണ്ടുള്ള കേസിൽ ഗവൺമെന്റിനുവേണ്ടി ആരെല്ലാമാണ് കോടതിയിൽ വാദം നടത്തിയത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് ഓരോരുത്തർക്കുംവേണ്ടി ഗവൺമെന്റിന് എന്തു ചെലവ് വന്നു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാരിനു വേണ്ടി മുൻ അറ്റോർണിജനറലായ ശ്രീ. അശോക്, എച്ച്. ദേശായിയും മന്ത്രിമാർക്കുവേണ്ടി അഡ്വക്കേറ്റ് ജനറലും ഹാജരായി.

(ബി) സർക്കാരിനുവേണ്ടി ഹാജരായ മുൻ അറ്റോർണി ജനറലായ ശ്രീ. അശോക് എച്ച്. ദേശായിക്ക് പത്തു ലക്ഷം രൂപ ഫീസായി നൽകിയിട്ടുണ്ട്. പ്രസ്തുത റിട്ട് ഹർജിയിൽ മന്ത്രിമാർക്കുവേണ്ടി ഹാജരായ അഡ്വക്കേറ്റ് ജനറലിന് 4 ദിവസത്തേക്ക് ഫീസിനത്തിൽ 4000/- രൂപ (നാലായിരം) നൽകിയിട്ടുണ്ട്.

90 (378) മണ്ഡരി പ്രതിരോധ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹായം

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :

LIBRARY ARCHIVES Kerala Legislative Assembly